ഇതിനും പുറമേ ഇപ്പോൾ നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള എല്ലാ ഒഴിവുകളിലേക്കും പി. എസ്. സി. സ്പിര നിയമനം നടത്താൻ നടപടി എടുത്തുവരുന്നു. കൂടാതെ ഡോക്ടർമാരുടെ അഭാവം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കരാർ/ദിവസ വേതനാടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിക്കുന്നുണ്ട്. ഗ്രാമീണ മേഖലയിലും ഇപ്രകാരം നിയമനം നടത്തിവരുന്നു.

ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

*10 [9] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*

„ *മഞ്ഞളാംകുഴി അലി:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) ഇതിനായി എന്തു തുകയാണ് നീക്കിവച്ചത്; ഇതിൽ എന്തു തുക ഇതിനകം ചെലവഴിച്ചു;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക ലഭിച്ചു;

(എഫ്) സംസ്ഥാനത്തെ കോർപ്പറേഷനുകളിലെ ആശുപത്രികളിൽ കമ്പ്യൂട്ടർ കിയോസ്ക്കുകൾ എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്ന പദ്ധതി ഇൻഫർമേഷൻ കേരളയെ ഏൽപ്പിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകളുടെ വികസനം, കമ്പ്യൂട്ടർ വിന്യസിക്കൽ.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജില്ലാ സംസ്ഥാനതല ഓഫീസുകളുമായി കമ്പ്യൂട്ടർ ശൃംഖലവഴി ബന്ധിപ്പിക്കുക.

3. പരിശീലന സാമഗ്രികൾ തയ്യാറാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

4. ഹാർഡ് വെയറിനും, സോഫ്റ്റ്വെയറുകൾക്കുമുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക.

(ബി) പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ച് കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്തുന്നതിലേക്കായി കെ. എസ്. ഐ. ഡി. സി.-യെ ബിഡ് മാനേജരായി സർക്കാർ തീരുമാനിക്കുകയും തുടർന്ന് കെ. എസ്. ഐ. ഡി. സി. ആഗോള ടെണ്ടർ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങളാണുള്ളത്.

(i) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ഒരുക്കൽ (site preparation).

(ii) സോഫ്റ്റ്വെയർ വികസിപ്പിക്കുകയും, സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലന സാമഗ്രികളും, സോഫ്റ്റ്വെയറിന്റെ അറ്റകുറ്റ പണികൾക്കാവശ്യമായ മാനുവലുകളും തയ്യാറാക്കുക.

(iii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഹാർഡ്വെയർ സ്ഥാപിച്ച് വേണ്ട അറ്റകുറ്റപ്പണികൾ ചെയ്യുക.

(iv) കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ പരിശീലനം, ഡാറ്റാ എൻട്രി, ആപ്ലിക്കേഷനുകൾ വിന്യസിക്കൽ, ആപ്ലിക്കേഷനുകളുടെ അറ്റകുറ്റപ്പണികൾ, ആപ്ലിക്കേഷനുകളുടെ നടത്തിപ്പിനുള്ള ഹാൻസ്ഹോൾഡിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

(v) ശൃംഖല ഡയൽ അപ്പ് ടെലിഫോൺ ലൈനുകൾ മുഖാന്തിരം പ്രവർത്തനക്ഷമമാക്കുക.

(i), (v) എന്നീ പ്രവർത്തനങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തേണ്ടത്. 328 ഗ്രാമ പഞ്ചായത്തുകളിൽ പൂർണ്ണമായും 488 ഗ്രാമ പഞ്ചായത്തുകളിൽ ഭാഗികമായും ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ii) ഐ. കെ. എം.-ന്റെ ഉത്തരവാദിത്വത്തിലുള്ളതാണ്. 12 ആപ്ലിക്കേഷൻ സൂട്ടുകളിലായി 100 പതിപ്പുകൾ ഐ. കെ. എം. വികസിപ്പിച്ചെടുത്തിട്ടുണ്ട്. പരിശീലന സാമഗ്രികളും മാനുവലുകളും തയ്യാറാക്കിയിട്ടുണ്ട്.

(iii), (iv) പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ശേഷിയുള്ള ഏജൻസികളെ കണ്ടെത്തുന്നതിന് കെ. എസ്. ഐ. ഡി. സി.-യെ ബിഡ് മാനേജരായി നിശ്ചയിച്ച് ടെണ്ടർ വിജ്ഞാപനം നടത്തിയിട്ടുണ്ട്. ബി. ടി. എം. വ്യവസ്ഥയിലാണ് ഇത് നടപ്പാക്കുക. ബി. ടി. എം. ടെണ്ടറിന് സർക്കാർ തുക നീക്കിവച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന സർക്കാർ ഇതിനായി തുക നീക്കിവച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് 33 കോടി രൂപ അധിക കേന്ദ്ര സഹായമായി നൽകിയിട്ടുണ്ട്. 31-3-2004 വരെ 8.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2006 മാർച്ച് 31-ന് പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്. അധിക കേന്ദ്ര സഹായമായി സംസ്ഥാന സർക്കാരിന് 33 കോടി രൂപ നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭജനം

*11 [10] *ഡോ. കെ. സി. ജോസഫ്:*

ശ്രീ. കെ. പി. മോഹനൻ:

,, എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിനു മുൻപ് ജില്ലാ ബ്ലോക്ക് ഡിവിഷനുകളുടെയും ഗ്രാമപഞ്ചായത്ത് വാർഡുകളുടെയും കോർപ്പറേഷൻ/ മുനിസിപ്പൽ വാർഡുകളുടെയും വിഭജനം നടത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ തെരഞ്ഞെടുപ്പു കമ്മീഷൻ ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അടുത്ത തെരഞ്ഞെടുപ്പിന് മുൻപ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടർ പട്ടിക പുതുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly